ക്ഷയരോഗാശുപത്രി

*വ്യ്യന്നൂ. (ൻവ) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ ജനറൽ വാർഡിൽ കിടക്കുന്ന ക്ഷയരോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന അരിയാഹാരം പച്ചരിയുടെതാണോ; പോക്കകാംശം കൂടുതലുള്ള നെല്ല കുത്തിയ അരിയുടേതാണോ;

(ബി) ജനറൽ വാർഡിൽ കിടക്കുന്ന രോഗികൾക്ക മലവിസർജ്ജനം ചെയ്യുന്നതിനു ഫ്ളഷ് ഔട്ട് ലട്രിൻസുകളൊ മറ്റുതരം കക്കൂസുകളൊ ഉണ്ടോ; ശൌചം ചെയ്യുന്നതിനു വെട്ടിയിൽ വെള്ളവും വഹിച്ചുകൊണ്ടു രോഗികൾ അകലത്തിൽ പോകേണ്ടിയിരിക്കുന്ന എന്നറിയുന്നതു ശരിയാണോ;

(സി) ഫ്ളഷ് ഔട്ട് കക്കൂസും, വാട്ടർപൈപ്പുകളും ഇല്ലെങ്കിൽ അവ ഉണ്ടാക്കുന്നതിനുള്ള വല്ല ആലോചനയൊ പദ്ധതിയൊ ഗവൺമെണ്ടിനുണ്ടോ; ഉണ്ടെങ്കിൽ എത്ര നാളിനകം നടപ്പിൽ വരുമെന്നാണു ഗവൺമെണ്ടു ഉദ്ദേശിക്കുന്നതു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) നെല്ലുകുത്തിയ അരിയൊ, പച്ചരിയൊ ഏതാണു് അപ്പോഴപ്പോൾ ഗവൺമെണ്ടു് ഗോഡൌണിൽനിന്നും കിട്ടുന്നതു് അതാണു് കൊടുത്തുവരുന്നതു്. എന്നാൽ മിക്കവാറും പുഴുക്കൽ അരി തന്നെയാണു് നൽകിവരുന്നതു്. ചിലയവസരങ്ങളിൽ പച്ചരിയും കൊടുത്തുവെന്നു വരാം.

(ബി) ഫ്ളഷ് ഔട്ട് ലാട്രിൻസ് അഡ്രിനിസ്ട്രേഷൻ ബ്ലോക്കിലും ജനറൽ വാർഡിലെ നടുവം രണ്ടും വാർഡുകളിലും ഇപ്പോൾ തന്നെ ഉള്ളതാണു്. മറ്റു വാർഡുകളിൽ ഇവ വയ്ക്കുന്നതിനു വേണ്ട എർപ്പാടു ചെയ്യുന്നതിലേക്ക് ഗവൺമെണ്ടു് ആലോചിച്ചു വരുന്നുണ്ടു്. പേവാർഡുകളിൽ താല്ക്കാലികമായി "ഹാൻറ് ഫ്ളഷ് ഔട്ട്" (Hand flush out) നിർവ്വഹിച്ചിട്ടുണ്ടു്. മറ്റെല്ലാ വാർഡുകളിലുമുള്ള രോഗികൾ ബോർഹോൾ കക്കൂസുകൾ ആണു് ഉപയോഗിച്ചു വരുന്നതു്. ഇവ വാർഡുകളിൽനിന്നും അകലെയല്ലതാനും. വെള്ളത്തിന്റെ സൌകര്യവും ഈ വാർഡുകളുടെ അടുത്തായിത്തന്നെ ഉണ്ടു്.

(സി) എല്ലാ വാർഡുകളിലും ഫ്ളഷ് ഔട്ട് കക്കൂസുകൾ നിർവ്വഹിച്ചു വേണ്ട സൌകര്യങ്ങൾ ചെയ്യുന്നതിനു ഗവൺമെണ്ടു് ആലോചിച്ചു വരുന്നുണ്ടു്. ഇതിലേക്ക് ഏ, ഫ ര ാ കു.യുടെ അടങ്കലിൽ തുക എസ്റ്റിമേറ്റു തയാറാക്കിയിട്ടുണ്ടു്. ഇതിന്റെ ജോലി ആരംഭിക്കുന്നതിനു പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടുമായി ആലോചനയിലിരിക്കുകയാണു്.

HEALTH CENTRE

*വ്യ ര്. (ൻന) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹെൽത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിലെ Health Centres എടുത്തു കളയുവാൻ ഗവൺമെണ്ടിൽനിന്നും കല്പനയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പൊതുജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ പുതുത സ്ഥാപനങ്ങൾ എടുത്തുകളയുവാൻ നിദാനമാക്കിയ കാരണങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അലോപ്പതി ആശുപത്രി

*വ്യ ൽ. (ൻ ൽ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടകരയിലെ ആയുർവ്വേദാശുപത്രിക്ക് പകരം ഒരലോപ്പതി ആശുപത്രി സ്ഥാപിക്കുവാൻ കൊടകരയിലെ പൌരന്മാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിനു ഗവൺമെന്റ് എന്തുത്തരം നൽകി എന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കൊടകരയിലെ ജനങ്ങളുടെ വൈദ്യസഹായത്തിനു് അവിടത്തെ ആയുർവ്വേദാശുപത്രി പോരാത്തതാണെന്നും അതുകൊണ്ട് അവിടെ ഒരു അലോപ്പതിക്ക് ആശുപത്രി ആവശ്യമാണെന്നും കാണിച്ച് ഒരപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) സമീപപ്രദേശങ്ങളായ പുതുക്കാട്, ഇരിങ്ങാലക്കുട, ചാവക്കാടു് എന്നിവടങ്ങളിൽ ഗവൺമെന്റുവക അലോപ്പതിക്ക് വൈദ്യസ്ഥാപനങ്ങൾ ഉള്ളതുകൊണ്ട് കൊടകരയിൽ ഒരു ഗവൺമെന്റ് ഡിസ്പെൻസറി അത്യാവശ്യമില്ലെന്നു് മറുപടി നൽകി.

Unstarred Questions

ആശുപത്രി കെട്ടിടം

൨൯. (൭) ശ്രീ. വി. കെ. വല്ലീസ്: താഴെകാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

പത്തനംതിട്ട ടൌണിൽ ആശുപത്രിക്കുവേണ്ടി ഒരു കെട്ടിടം ഗവൺമെന്റിൽനിന്നും പണികഴിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഉണ്ട്.

ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം

൩൦. (൨) ഡാക്ടർ എം. ഒ. ചെറിയാൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

ദേവികുളം താലൂക്കിൽ മറയൂർ, ഉടുമ്പൻചോല, ദേവികുളം, ചിത്തിരപുരം ഈ ആശുപത്രികളിൽ കഴിഞ്ഞ ആറുമാസക്കാലത്തിൽ എത്രനാൾ ഡാക്ടർമാർ ഇല്ലാതിരുന്നിട്ടുണ്ടെന്നു് ദയവായി പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

മറയൂർ ആശുപത്രിയിൽ കഴിഞ്ഞ രണ്ടു വർഷമായും, ഉടുമ്പൻചോല, ദേവികുളം, ഈ ആശുപത്രികളിൽ യഥാക്രമം ൧–൧–൫൦ മുതലും,

LIBRARY ARCHIVES Kerala Legislative Assembly